**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1495** **11-09-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്ന് കഴിഞ്ഞ വർഷം എസ്. എസ്. എൽ. സി. പാസ്സായവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്ന് 28,035 എയ്ഡഡ് സ്കൂളുകിൽ നിന്ന് 43,461 എന്നിങ്ങനെ ആകെ 71,496 വിദ്യാർത്ഥികൾ ആണ് മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്ന് കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി. പാസ്സായത്. ഇതിനു പുറമേ 6455 കുട്ടികൾ അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിച്ച് എസ്.എസ്.എൽ.സി. പാസ്സായിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയ്ക്ക് പുറത്തു നിന്ന് എസ്. എസ്. എൽ. സി. പാസ്സായവരിൽ എത്ര കുട്ടികൾ മലപ്പുറം ജില്ലയിൽ പ്ലസ് വണ്ണിന് അപേക്ഷിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | 7008 പേർ മലപ്പുറം ജില്ലയ്ക്ക് പുറത്തു നിന്ന് മലപ്പുറം ജില്ലയിൽ അപേക്ഷ നൽകിയിട്ടുണ്ട്. |
| (സി) | സർക്കാർ, എയ്ഡഡ് മേഖലയിൽ വർദ്ധിപ്പിച്ച സീറ്റുകൾ ഉൾപ്പെടെ മലപ്പുറം ജില്ലയിൽ എത്ര പ്ലസ് വൺ സീറ്റുകൾ ലഭ്യമാണെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാർ സ്കൂളുകളിൽ 33,925 സീറ്റുകൾ, എയ്ഡഡ് സ്കൂളുകളിൽ 25,765 സീറ്റുകൾ, അൺ-എയ്ഡഡ് സ്കൂളുകളിൽ 11,286 സീറ്റുകൾ ഉൾപ്പെടെ ആകെ 70,976 പ്ലസ് വൺ സീറ്റുകൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ